പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 920 | 30-06-2011-ലെ മറുപടിക്ക്

# കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; | (എ) വടക്കഞ്ചേരി പൊള്ളാച്ചി റോഡിൽ നിന്നും കി.മീ. 22/800 മുതൽ 27/500 വരെ വരുന്ന കൊല്ലംങ്കോട് ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ 14.061 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ നടപടി ഫാസ്റ്റ്ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ജി.ഒ.(ആർ.റ്റി) നം. 1458/2010/PWD തീയതി 15/09/10 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ ഭൂരിഭാഗവും നെൽവയലുകളാണ്. |
| (ബി) ഇതിന് സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; | (ബി) ഉണ്ട്. നീർത്തട സംരക്ഷണ സമിതിയുടെ ഉത്തരവ് ലഭിച്ചാൽ മാത്രമെ സ്ഥലം ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. |

| | |
|---|---|
| (സി) ഏറ്റെടുക്കുന്ന കൃഷിഭൂമിക്ക് നെൽവയൽ സംരക്ഷണ നിയമ ത്തിന്റെ പരിധിയിൽ നിന്നും ഇളവ് കൃഷി വകുപ്പ് അനുവദി ച്ചിട്ടുണ്ടോ; | (സി) ഇല്ല. ഏറ്റെടുക്കുന്ന ഭൂമിക്ക് നെൽവയൽ സംരക്ഷണനിയമത്തിന്റെ പരിധിയിൽ നിന്നും ഇളവ് അനുവദി ക്കാനുള്ള അപേക്ഷ കൃഷി വകുപ്പുമുഖേന നീർതട സംരക്ഷണ സമിതിയ്ക്ക് സമർപ്പി ച്ചിട്ടുണ്ട്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമപ്രകാരമുള്ള "പൊതുആവശ്യം" എന്ന നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന പ്രദേശികതല നിരീ ക്ഷണ സമിതി ശുപാർശചെയ്തിട്ടുള്ള അപേക്ഷകൾ മാത്രമെ സംസ്ഥാനതല സമിതിക്ക് പരിഗണിക്കാൻ കഴിയുകയു ള്ളൂ എന്നും 4/7/2011 തീയതിയിലെ സംസ്ഥാനതല സമിതി യോഗത്തിൽ പ്രസ്തുത അപേക്ഷ പരിഗണിക്കുന്നതാണ് എന്നും കൃഷി വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പദ്ധതിയുടെ പണി എന്ന് ആരംഭിക്കാൻ കഴിയും? | (ഡി) അനുമതി ലഭിച്ചതിനുശേഷം സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാ യതിനുശേഷം മാത്രമെ പണി ആരംഭി ക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ